Malappuram District Police

## 16.06.2017 താനൂർ

താനൂരിൽ 75 ലക്ഷം രൂപയുമായി വേങ്ങര സ്വദേശിയെ താനൂർ പൊലീസ് പിടികൂടി. വേങ്ങര വലിയോറ മച്ചിൽ മുസ്തഫ (32)യാണ് അറസ്റ്റിലായത്. വ്യാഴാഴ്ച രാവിലെ 7.40 ന് താനൂർ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് ഇയാൾ പിടിയിലായത്. 2000-ത്തിൻെറ 74 ലക്ഷവും 500-ൻെറ ഒരു ലക്ഷവുമാണ് പിടികൂടിയത്. തുണി ബെൽറ്റ് രൂപത്തിൽ ചുറ്റി അതിനുള്ളിൽ അടുക്കിയും ബാഗിലുമായാണ് പണം സൂക്ഷിച്ചിരുന്നത്. താനൂർ, തിരൂർ ഭാഗങ്ങളിൽ വിതരണത്തിനെത്തിച്ചതായിരുന്നു ഇതെന്നറിയുന്നു. പ്രതിയെ പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കി. താനൂർ സിഐ അലവി, എസ്ഐ രാജേന്ദ്രൻ നായർ, എഎസ്ഐ പ്രമോദ്, സിപിഒ-മാരായ രാജേഷ്, ആൽവിൻ, നിഷാദ്, വിപിൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.